# പൂമ്പാറ്റകളുടെ ദേശാടനപാത നിർണ്ണയിക്കുന്നു

പരിസ്ഥിതിരംഗത്ത് പഠനങ്ങൾ നടത്തുന്നതിനും ആവാസവ്യവസ്ഥക്ക നേരെയുള്ള അധിനിവേശങ്ങളെ തുറന്നു കാട്ടുന്നതിനും ചെറുക്കുന്നതിനുമായി കോഴിക്കോട് ആസ്ഥാനമായി രൂപീകരിച്ചിട്ടുള്ള മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി പൂമ്പാറ്റകളുടെ ദേശാടനപാത കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. കേരളത്തിലേക്ക് കൂട്ടം കൂട്ടമായി ദേശാടനം നടത്തുന്ന പൂമ്പാറ്റകളുടെ ദേശാടനപാതയിലുള്ള സ്കൂൾ, കോളേജ്, സന്നദ്ധസംഘടനകൾ മുതലായവയുടെ സഹായത്തോടെ ഇത് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പൂമ്പാറ്റകളുടെ ദേശാടനം കണ്ടെത്തുന്നപക്ഷം ബന്ധപ്പെടുക: ജാഫർ പാലോട്, സെക്രട്ടറി, മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, C/o.സുവോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, ആനിഹാൾ റോഡ്, കോഴിക്കോട്-2 ഫോൺ:- 701928

ഡിസംബർ 6 മുതൽ 9വരെ ആറളം വന്യജീവിസങ്കേതത്തിൽ വനംവകുപ്പിന്റെ സഹകരണത്തോടെ ഈ വിഷയത്തിൽ പഠനക്യാമ്പും (Butterfly migration study camp) സംഘടിപ്പിക്കുന്നുണ്ട്.